# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5146

30.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജയിൽ ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ

ചോദ്യം

മറുപടി

ശ്രീ. കെ.രാധാകൃഷ്ണൻ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ)വിവിധ ജയിലുകളിൽ ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാരുണ്ടെന്ന് പറയാമോ;<br>(ബി) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുന്നതിൽ നിയമപരമായി എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷാ കാലാവധി കഴിഞ്ഞ വിദേശീയരായ 15 തടവുകാരുണ്ട്. ഇവരുടെ ഡീപ്പോർട്ടേഷനുള്ള നടപടികൾ പൂർത്തിയാകാത്തതിനാലാണ് ഇവരെ ഇപ്രകാരം ജയിലിൽ പാർപ്പിച്ചിരിക്കുന്നത്. |
| (സി) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ജയിലുകളിൽ ശിക്ഷാ കാലാവധി കഴിഞ്ഞ 15 തടവുകാരിൽ (ബംഗ്ലാദേശ്-11, നൈജീരിയ - 2, ഇക്വഡോർ - 1, നേപ്പാൾ - 1) ബംഗ്ലാദേശിൽ നിന്നുള്ളവരിൽ 9 പേരെ മാതൃ രാജ്യത്തേയ്ക്ക് മടക്കി അയയ്ക്കുവാനായി പശ്ചിമ ബംഗാൾ പോലീസ് മുഖേന ബി.എസ്.എഫിന് കൈമാറുന്നതിനുവേണ്ടി 28.6.2014-ൽ പശ്ചിമ ബംഗാളിലേക്ക് കൊണ്ടു പോയിട്ടുള്ളതാണ്. 2 ബംഗ്ലാദേശ് പൗരന്മാരെ മടക്കി അയയ്ക്കുന്നതിനായി യാത്രാ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2 നൈജീരിയൻ പൗരന്മാരേയും, 1 നേപ്പാൾ, 1 ഇക്വഡോർ പൗരന്മാരെയും സ്വരാജ്യത്തേയ്ക്ക് മടക്കി അയയ്ക്കുന്നതിനായി മതിയായ യാത്രാ രേഖകൾ ഇല്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ